ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ നിയമവിരുദ്ധ സ്ഥലം മാറ്റങ്ങൾ

29 (984)ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറും സർക്കാരും ജീവനക്കാരുടെ സ്ഥലം മാറ്റങ്ങൾ നിയമ വിരുദ്ധമായി ചെയ്യുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഈ വർഷം ഇതുവരെ എത്ര സ്ഥലം മാറ്റങ്ങൾ സംബന്ധിച്ച പരാതികൾ ഉണ്ടായിട്ടുണ്ട്;

(ഡി) നിയമവിരുദ്ധ സ്ഥലം മാറ്റങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിയമ വിധേയമായും മാനദണ്ഡങ്ങൾക്കനുസൃതമായുമാണ് ജീവനക്കാരുടെ സ്ഥലം മാറ്റം നടത്തിയിട്ടുള്ളത്.

(ബി) ഉത്തരം 'എ' യുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

(സി) സ്ഥലം മാറ്റം സംബന്ധിച്ച് ജീവനക്കാർ ആരും തന്നെ പരാതി നൽകിയിട്ടില്ല.

(ഡി) നിയമവിരുദ്ധമായി സ്ഥലംമാറ്റം നടത്തിയിട്ടില്ല.

സബ് ആഫീസ് തലവന്മാരുടെ യോഗങ്ങൾ

30 (985)ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പു ഡയറക്ടർ, സബ് ആഫീസ് തലവന്മാരുടെ യോഗങ്ങൾ നടത്തുന്നത് സർക്കാർ അനുവാദത്തോടെയാണോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇത്തരം യോഗങ്ങൾ എവിടെയെല്ലാം വച്ച് എപ്പോഴെല്ലാം നടത്തിയെന്നും ഓരോ യോഗത്തിലും പങ്കെടുത്തവർക്ക് യാത്രചെലവുൾപ്പെടെ എന്തു തുക ചെലവായെന്നും വ്യക്തമാക്കുമോ;

(സി) ഈ മാസം 20,21,22 തീയതികളിൽ തിരുവനന്തപുരത്ത് സബ് ആഫീസ് തലവന്മാരുടെ യോഗം ഡയറക്ടർ വിളിച്ച് കൂട്ടുന്നത് സർക്കാർ അനുവാദത്തോടെയാണോ;

(ഡി) ഈ യോഗത്തിൽ ചർച്ച ചെയ്യുന്ന വിഷയങ്ങൾ മുൻയോഗങ്ങളിൽ ചർച്ചയ്ക്കു വന്നവയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കത്തു മുഖേന അഭിപ്രായം ആരായാവുന്ന വിഷയങ്ങളെ കുറിച്ച് ആലോചിക്കാൻ സംസ്ഥാനമൊട്ടാകെയുള്ള ഉദ്യോഗസ്ഥരെ മൂന്ന് ദിവസം തലസ്ഥാനത്ത് വിളിച്ചു കൂട്ടി പൊതു ധനം ദുർവ്യയം ചെയ്യുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ അനുവാദം വേണമെന്നില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 6.1.1998, 7.1.1998, എന്നീ തീയതികളിൽ തിരുവനന്തപുരത്തും, 12.5.1998ൽ തൃശൂരും, 24.11.1998 ൽ ആലുവയിലും വച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ആഫീസ് തലവന്മാരുടെ യോഗങ്ങൾ നടത്തിയിട്ടുണ്ട്. ചെലവായ തുക ഇതുവരെയും തിട്ടപ്പെടുത്തിയിട്ടില്ല.

(സി) യോഗം നടത്താനുള്ള തീരുമാനം 12.6.2000-ലെ ലെറ്റർ പ്രകാരം സർക്കാരിനെ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ഡി) മുൻ കാലങ്ങളിൽ ചർച്ച ചെയ്തിട്ടുള്ള ചില വിഷയങ്ങൾ കൂടാതെ പ്രസ്തുത വിഷയങ്ങളുടെ നടത്തിപ്പിലുണ്ടായ പ്രായോഗിക ബുദ്ധിമുട്ടുകൾ കൂടി ഈ യോഗത്തിൽ ചർച്ച ചെയ്യുന്നുണ്ട്.

(ഇ) കത്തു മുഖേന സ്വരൂപിച്ച അഭിപ്രായങ്ങൾ വ്യത്യസ്തങ്ങളായിരുന്നതിനാൽ അവ വിശദമായി ചർച്ച നടത്താനും കാലതാമസം കൂടാതെ അഭിപ്രായ ഏകീകരണമുണ്ടാക്കാനും ഉദ്ദേശിച്ചാണ് ഇപ്പോൾ യോഗം വിളിച്ചിട്ടുള്ളത്. ഇത് ധനം ദുർവിനിയോഗം ചെയ്യുന്നതിനല്ല, മറിച്ച് വകുപ്പിന്റെ കാര്യക്ഷമത കാലഘട്ടത്തിന്റെ ആവശ്യത്തിനനുസരിച്ച് വർദ്ധിപ്പിക്കാൻ വേണ്ടിയാണ്.

ലേലത്തിൽ പോയ മദ്യഷാപ്പുകളും കള്ളുഷാപ്പുകളും

31 (986)ഡോ. എം.എ. കുട്ടപ്പൻ :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് നിലവിൽവന്ന ശേഷം ഓരോ വർഷവും മദ്യഷാപ്പുകളും കള്ളുഷാപ്പുകളും എന്തു തുകയ്ക്കാണ് ലേലത്തിൽ പോയത് എന്ന് പറയുമോ;

(ബി) പ്രസ്തുത ഓരോ വർഷവും മദ്യഷാപ്പുകളും കള്ളുഷാപ്പുകളും ലേലത്തിൽ പിടിച്ചവർ എന്തു തുക വീതം കുടിശ്ശിക വരുത്തിയിട്ടുണ്ട്;

(സി) ഓരോ വർഷവും മദ്യഷാപ്പുകളും കള്ളുഷാപ്പുകളും ലേലത്തിൽ പിടിച്ചവർക്ക് തുകയിൽ എന്തെങ്കിലും ഇളവ് ചെയ്യുകയോ എഴുതിത്തള്ളുകയോ ചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഓരോ വർഷവും എത്ര വീതം ഇളവ് ചെയ്യുകയോ എഴുതിത്തള്ളുകയോ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly